ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തിവികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം പരിശോധിച്ച് കൂടുതൽ ഉല്പാദനപരമായ ആസ്തികൾ ഇനിയും സൃഷ്ടിക്കേണ്ടതുണ്ടെന്ന് സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. പദ്ധതി ഫണ്ട് അനുവദിക്കേണ്ടതിനെക്കുറിച്ച് മറ്റ് മുന്നറിയിപ്പുകളൊന്നും കേന്ദ്രം അറിയിച്ചിട്ടില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആഡംബര വിവാഹം ഒഴിവാക്കാൻ നടപടി

**14 (*434)** ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കമ്മീഷന്റെ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണ് ;

(സി) ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ ;

(ഡി) ആഡംബര വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് തയ്യാറാകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ സമർപ്പിച്ച ശിപാർശ ചുവടെ ചേർക്കുംപ്രകാരമാണ് :

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്ന് മാത്രമായി ചുരുക്കി നിശ്ചയിക്കണം.

3. വിവാഹനിശ്ചയത്തിനും ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതിയുണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.

4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് അമ്പത് കുടുംബാംഗങ്ങളെന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 25 പേർ വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 125 പേർ വീതം) എന്നും നിശ്ചയിക്കാവുന്നതാണ്.

5. വിവാഹത്തോടനുബന്ധിച്ചുണ്ടാകുന്ന ഓരോയിനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോയിനത്തിലും എത്ര രൂപവരെ ചെലവാക്കാമെന്നത് താഴെ സൂചിപ്പിക്കുന്നു :

(എ) വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന് 25 രൂപവരെ

(ബി) വിവാഹപ്പന്തൽ/ആഡിറ്റോറിയം വാടക അമ്പതിനായിരം രൂപവരെ

ഇതിൽക്കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേക്ക് അടയ്ക്കണം.

(സി) വിവാഹപ്പന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹമണ്ഡപത്തിലെ ചടങ്ങുകളും അമ്പതിനായിരം രൂപവരെ

(ഡി) വിവാഹസദ്യ ഒരാൾക്ക് 150 രൂപവരെ

(ഇ) വധുവിന്റെ വസ്ത്രങ്ങൾക്ക് ഇരുപതിനായിരം രൂപവരെ

(എഫ്) വരന്റെ വസ്ത്രങ്ങൾക്ക് പതിനയ്യായിരം രൂപവരെ

(ജി) വധുവിന് സ്വർണ്ണാഭരണങ്ങൾ പത്ത് പവൻ വരെ.

(എച്ച്) വരന് സ്വർണ്ണാഭരണങ്ങൾ (താലിമാല അടക്കം) അഞ്ചു പവൻ വരെ.

6. വിവാഹച്ചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തുനിന്നും വധുവിന്റെ ഭാഗത്തു നിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മതാചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആകുന്നുള്ള തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

(സി&ഡി) ആർഭാട വിവാഹങ്ങളും വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയായ വിധമല്ലാതെയായാൽ അങ്ങനെയുള്ള എത് നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടതെന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗ്രീൻ ഹൗസ് സാങ്കേതികവിദ്യ

**15 (*435)** ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ ഗ്രീൻ ഹൗസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനത്തിൽ പ്രകടമായ മുന്നേറ്റത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly